ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് പോലീസ് കസ്റ്റഡിയിൽ അഞ്ചുപേർ മരണമടഞ്ഞു. കൂടാതെ ജയിലിൽ വച്ച് 2 തടവുകാരും, ആശുപത്രികളിൽ വച്ച് 102 തടവുകാരും, പരോളിൽ പോയപ്പോൾ മൂന്നു തടവുകാരും, ആശുപത്രിയിലേക്ക് കൊണ്ടുപോകുന്ന വഴിക്ക് ഒരു തടവുകാരനുമാണ് മരിച്ചിട്ടുള്ളത്.

(ബി) പോലീസ് കസ്റ്റഡിമരണം സംബന്ധിച്ച് അഞ്ചു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. ഒരു കേസുമായി ബന്ധപ്പെട്ട് ഒരു എസ്. ഐ.-യെയും ഒരു എച്ച്. സി.-യെയും വകുപ്പുതല ശിക്ഷണനടപടിക്ക് വിധേയരാക്കിയിട്ടുണ്ട്. മറ്റൊരു കേസിൽ ഒരു എ. എസ്. ഐ.-യെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യുകയും വകുപ്പുതല നടപടിക്ക് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. മൂന്നു കേസുകളിൽ പോലീസ് ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് വെളിവായിട്ടില്ല.

മുത്തങ്ങയിലെ വെടിവയ്പിന് ഇരയായവർക്ക് ധനസഹായം

88 [89] ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ഫെബ്രുവരി മാസത്തിൽ മുത്തങ്ങയിൽ നടന്ന പോലീസ് വെടിവെയ്പിൽ എത്ര ആദിവാസികൾ കൊല്ലപ്പെട്ടു; എത്ര പേർക്ക് പരിക്കേറ്റു;

(ബി) കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും സാമ്പത്തിക സഹായം നല്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) മുത്തങ്ങാ സംഭവത്തെക്കുറിച്ച് നടന്നുകൊണ്ടിരിക്കുന്ന സി. ബി. ഐ. അന്വേഷണ റിപ്പോർട്ട് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ജോഗി എന്ന ഒരു ആദിവാസി മരിച്ചിട്ടുണ്ട്. വെടിവയ്പിലും ലാത്തിച്ചാർജ്ജിലുമായി 42 ആദിവാസികൾക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

(ബി) പരിശോധിച്ചു വരുന്നു.

(സി) സി. ബി. ഐ.-യുടെ അന്വേഷണ പുരോഗതി സംബന്ധിച്ച വിവരം മാത്രമേ ലഭിച്ചിട്ടുള്ളു. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly